# Malayala Manorama
# 31 August 2018
# New Delhi; After Flood, New Cylinder with Discount

## പ്രളയം: ഇളവോടെ പുതിയ സിലിണ്ടർ

ന്യൂഡൽഹി● പ്രളയത്തിൽ നഷ്ടമായ പാചകവാതക സിലിണ്ടറുകൾക്കു പകരം സംവിധാനവുമായി പെട്രോളിയം മന്ത്രാലയം. പ്രളയബാധിത മേഖലയിൽപ്പെട്ടവർക്കു പുതിയ സിലിണ്ടർ ഇളവോടെ നൽകുമെന്നാണു പ്രഖ്യാപനം. മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് 200 രൂപയ്ക്കും അല്ലാത്തവർക്ക് 1200 രൂപയ്ക്കും പുതിയ സിലിണ്ടറുകൾ ലഭ്യമാക്കാൻ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ നിർദേശം നൽകി.

നിലവിൽ 1400 രൂപയാണു പുതിയ സിലിണ്ടറുകൾ ലഭിക്കാൻ വേണ്ടത്.

പ്രളയത്തിൽ സിലിണ്ടറുകൾ നഷ്ടപ്പെട്ടവർ ഏറെയാണെന്നും പകരം സംവിധാനം വേണമെന്നും കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം പെട്രോളിയം മന്ത്രാലയത്തെ അറിയിച്ചിരുന്നു.

പുതിയ സിലിണ്ടറുകൾക്കൊപ്പം കമ്പനികൾ ഈടാക്കുന്ന സിലിണ്ടറിന്റെ പേരിലുള്ള നിക്ഷേപം, പ്രോസസിങ് നിരക്ക് തുടങ്ങിയവയുടെ കാര്യത്തിൽ അവ്യക്തതകളുണ്ട്.